Draft #73 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 06-Jul-2023 02:35 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: P&D-1, P&D-2, SC/ST Cell സെക്ഷനുകളിലെ ഫയലുകളുടെ കൈമാറ്റം - ക്രമീകരണങ്ങൾ നടപ്പിലാക്കുന്നത് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 7423/AD A1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.07.2023

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 6408/AD A1/2023/എം.ജി.യു.,തീയതി: 07.06.2023.
2. രജിസ്ട്രാറുടെ 04.07.2023 തീയതിയിലെ രജി./2/87/2023 നമ്പർ കുറിപ്പ്, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം..

**ഉത്തരവ്**

ജോയിൻറ് രജിസ്ട്രാർ 3 (ഭരണ വിഭാഗം) തസ്തിക വൈസ് ചാൻസലറുടെ ഓഫീസിലേക്ക് മാറ്റുകയും ടി തസ്തികയിൽ ഉൾക്കൊള്ളിച്ച്, പ്രൈവറ്റ് സെക്രട്ടറിയെ നിയമിക്കുകയും ചെയ്ത സാഹചര്യത്തിലുള്ള ക്രമീകരണങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻപ്രകാരം, ജോയിൻറ് രജിസ്ട്രാർ 3 (ഭരണ വിഭാഗം) കൈകാര്യം ചെയ്തിരുന്ന P&D-1, P&D-2, SC/ST Cell സെക്ഷനുകളിൽ നിന്നുള്ള ഫയലുകൾ ഡെപ്യൂട്ടി രജിസ്ട്രാർ (P&D) നേരിട്ട് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ ഫയലുകളിന്മേലുള്ള തീരുമാനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, കൂടുതൽ പരിശോധന ഉറപ്പാക്കുന്നതിനും ആയി താഴെപ്പറയും പ്രകാരമുള്ള ക്രമീകരണങ്ങൾ ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കികൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

- P&D-1, P&D-2, SC/ST Cell സെക്ഷനുകളിൽ നിന്നുള്ള ഫയലുകൾ അസിസ്റ്റൻറ് രജിസ്ട്രാർ 3 (ഭരണവിഭാഗം) കണ്ടതിന് ശേഷം ഡെപ്യൂട്ടി രജിസ്ട്രാർ (P&D) മുഖേന ജോയിന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം) -നും തുടർന്ന് രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട സെക്ഷനുകൾ/ സെക്ഷൻ ഓഫീസർമാർ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമിക്കം )
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം ജി സർവ്വകലാശാല
6. പി.ആർ.ഒ /ഐ.ക്യു.എ.സി./ഐ.ടി.സെൽ-1/2/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം